**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4577 20/10/2011-ൽ മറുപടിയ്ക്ക്

<u>മത്സ്യകേരളം പദ്ധതി</u>

<u>ചോദ്യം</u>

**ശ്രീ. ആർ. രാജേഷ്**

<u>മറുപടി</u>

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യ മന്ത്രി)

| | |
|---|---|
| (എ)<br>സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മത്സ്യ കേരളം പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ)<br>ഉണ്ട്. മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല ഗൈഡൻസ് കമ്മിറ്റി യോഗം ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. ഫിഷറീസ് സെക്രട്ടറി വിളിച്ചു ചേർക്കുന്ന പ്ളാൻ റിവ്യൂ മീറ്റിംഗുകളിലും ഫിഷറീസ് ഡയറക്ടർ വിളിച്ചു ചേർക്കുന്ന യോഗങ്ങളിലും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സ്റ്റേറ്റ് ലവൽ സ്റ്റിയറിംഗ് കമ്മിറ്റിയും പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി)<br>ഒന്നാം ഘട്ട പദ്ധതിയിൽ ഉൾനാടൻ മത്സ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി)<br>ഒന്നാം ഘട്ടത്തിൽ 2160.74 ഹെക്ടർ ഏര്യയിൽ ചെമ്മീൻ വിത്ത് നിക്ഷേപിച്ചതിൽ നിന്നും 2200 ടൺ ചെമ്മീൻ വിളവെടുക്കാൻ സാധിച്ചു. കൂടാതെ 8 ടൺ കരിമീനും 1 ടൺ ഞണ്ടും 2395 ടൺ കല്ലുമ്മേക്കായും വിളവെടുക്കുന്നതിന് സാധിച്ചു. 45.13 കോടി രൂപയുടെ വരുമാനമാണ് ഇതിൻെറ വിപണനത്തിലൂടെ കർഷകർക്ക് ലഭിച്ചത് |
| (സി)<br>രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ വിശദാം ശവും പദ്ധതി വിഹിതവും ചെലവും വെളിപ്പെടുത്തുമോ; | (സി)<br>മത്സ്യകേരളം രണ്ടാംഘട്ടത്തിൽ ഓരുജല കൃഷിയും ശുദ്ധജല കൃഷിയും നടത്തുകയുണ്ടായി. ഇതിൽ നിന്നും 2795 ടൺ ചെമ്മീനും 10512 ടൺ ശുദ്ധജല മത്സ്യം/ആറ്റുകൊഞ്ചും 9.5 ടൺകരിമീനും 3 ടൺ ഞണ്ടും 3067 |

| | |
|---|---|
| (ഡി)<br>നടപ്പു വർഷം എത്രതുകയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്; ഏതെല്ലാം പ്രവർത്തനത്തിനാണ് മുൻതൂക്കം നൽകുന്നത്? | (ഡി)<br>നടപ്പുവർഷം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കി വരുന്ന ഉൾനാടൻ മത്സ്യകൃഷി എന്ന സെൻട്രലി സ്പോൺസേർഡ് സ്കീം പ്രകാരം 400 ലക്ഷം രൂപയും, മത്സ്യകേരളം പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ 200 ലക്ഷം രൂപയും നീക്കിവെച്ചിട്ടുണ്ട്. മത്സ്യകേരളം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 5500 ഹെക്ടർ ജലപ്രദേശത്ത് ശുദ്ധജല മത്സ്യക്കൃഷി നടത്തുന്നതിനാണ് മുൻതുക്കം നൽകിയിട്ടുള്ളത്. മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക, മത്സ്യത്തീറ്റയ്ക്ക് അർഹതപ്പെട്ട നിലയിൽ ധനസഹായം നൽകുക, കർഷകർക്ക് പരിശീലനം നൽകുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. മത്സ്യക്കുഞ്ഞു നിക്ഷേപം നടത്തിക്കഴിഞ്ഞു |

സെക്ഷൻ ഓഫീസർ